6. കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രവർത്തനമുണ്ട്. ഗുജറാത്തിലെ വിവിധ മേഖലകളിലും ഗോവ, കൊങ്കൺ, ഭിലായ്, ബാംഗ്ലൂർ, പൂനെ എന്നിവിടങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളായ യു.കെ., ബഹറിൻ, ഒമാൻ, യു.എസ്.എ. എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നോർക്ക വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തനങ്ങൾ വിപുലമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. 2015 ജനുവരി മാസത്തിൽ നടക്കുന്ന ഗ്ലോബൽ എൻ.ആർ.കെ. മീറ്റിനോടനുബന്ധിച്ച് സംസ്ഥാനത്തെ വികസന സംരംഭങ്ങളിൽ പ്രവാസികളെ പങ്കാളികളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ചർച്ച ചെയ്യുന്നുണ്ട്.

8. വിദേശ രാജ്യങ്ങളിൽ പ്രവാസി കലാമേളകൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.

9. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സുഗമമായ നടത്തിപ്പിന് ഇന്ത്യൻ എംബസ്സികളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

ക്ലീൻ കേരള കമ്പനി

120 (1556) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പുതുതായി രൂപീകരിച്ച ക്ലീൻ കേരള കമ്പനി ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ ;

(ബി) കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അറുപത്തഞ്ച് നഗരസഭകളിലെ നിരത്തുകളിലും മറ്റു സ്ഥാപനങ്ങളിലും ആരും ശേഖരിക്കാതെ ചിതറികിടക്കുകയായിരുന്ന 55 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ കിലോയ്ക്ക് രണ്ട് രൂപാ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കി ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിൽനിന്ന് ഇ-മാലിന്യം കിലോക്ക് 5 രൂപാ നിരക്കിൽ നൽകി ഏറ്റവും അപകടകാരിയായ ട്യൂബ്‌ലൈറ്റ്,

LIBRARY ARCHIVES Kerala Legislative Assembly

സി.എഫ്.എൽ. തുടങ്ങിയ മാലിന്യങ്ങൾ ഉൾപ്പെടെ ശേഖരിച്ച് കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള സ്ഥാപനത്തിലൂടെ ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യുന്ന പദ്ധതി ആരംഭിക്കുകയും ഇതുവരെ 30 (മുപ്പത്) ടൺ ഇ-മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി പുനഃചംക്രമണത്തിനായി അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 1. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റുമെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതി.

2. ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാവുന്ന സി.എൻ.ജി. ബോട്ട്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കൽ.

3. പൊതുനിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ലക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലുമിനിയം ക്ലാഡിംഗ് സ്ഥാപിച്ച്/ പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കി കൊണ്ട് പരസ്യ ബോർഡുകൾ സ്ഥാപിക്കലും അവയുടെ പരിപാലനവും.

4. സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ ശുചിത്വ പരിപാലനം ഏറ്റെടുക്കുന്ന പദ്ധതി.

പൊന്നാനി നഗരസഭയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുമതി

121 (1557) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി നഗരസഭയിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാണ് നിലവിൽ അനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ പ്രത്യേക പദ്ധതികൾ ഏതെങ്കിലും അനുവദിച്ചിട്ടുണ്ടോ ; അവയുടെ തുകയും വിശദമാക്കാമോ ;

(സി) സമഗ്ര കുടിവെള്ള പദ്ധതിക്ക് കേന്ദ്ര ധനസഹായത്താൽ ഫണ്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് ഗുണഭോക്തൃവിഹിതമായി നഗരസഭ തുക അടയ്ക്കേണ്ടതുണ്ടോ ; എങ്കിൽ അത് അടച്ചിട്ടുണ്ടോ ; എത്രയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത തുക കണ്ടെത്താൻ സംസ്ഥാന സർക്കാർ നഗരസഭയ്ക്ക് ഫണ്ട് അനുവദിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly